സർക്കാർ സ്കൂളുകളിൽ വിന്യസിച്ചിട്ടുള്ള സംരക്ഷിത അദ്ധ്യാപകരെ പേരന്റ് സ്കൂളുകളിലേക്ക് മടക്കി അയ്ക്കുന്നതിന് തീരുമാനം

103 (1158) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സ്കൂളുകളിൽ വിന്യസിച്ചിട്ടുള്ള സംരക്ഷിത അദ്ധ്യാപകരെ പേരന്റ് സ്കൂളുകളിലേക്ക് മടക്കി അയ്ക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഉത്തരവുകൾ വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കാമോ ; ഇപ്രകാരം എത്ര അദ്ധ്യാപകരെ മടക്കി അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

1-10-2011-ലെ സ.ഉ.(പി)നമ്പർ 199/11/പൊ.വി.വ. പ്രകാരം സംരക്ഷിത അദ്ധ്യാപകർ അദ്ധ്യാപകബാങ്കിലേക്ക് മാറുന്നതും പേരന്റ് സ്കൂളുകളിൽ ഒഴിവുവരുമ്പോൾ അവിടെ നിയമിക്കുന്നതുമാണ്. 2010-11-ലെ തസ്തിക നിർണ്ണയ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഇപ്പോൾ 2939 പ്രൊട്ടക്ടഡ് അദ്ധ്യാപകരാണ് ഉള്ളത്. ഇവരെ ഫലപ്രദമായി പുനർവിന്യസിക്കുന്നതു സംബന്ധിച്ചും അദ്ധ്യാപകബാങ്കിന്റെ ഘടനയും പ്രവർത്തനവും ക്രമീകരിക്കുന്നത് സംബന്ധിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാഭ്യാസ ഡയറക്ടർമാരുടെ നിയമനം

104 (1159) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരെയൊക്കെയാണ് വിദ്യാഭ്യാസ ഡയറക്ടർമാരായി നിയമിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ ;

(ബി) അപ്രകാരം നിയമിക്കപ്പെട്ടവർ ഏതൊക്കെ കാലയളവിൽ ഡയറക്ടർമാരായി ജോലി ചെയ്തിട്ടുണ്ട് എന്ന് വേർതിരിച്ച് വിശദമാക്കാമോ ;

(സി) ഡയറക്ടറായി നിയമനം ലഭിക്കുന്ന ഐ.എ.എസ്. ഓഫീസർമാർ ചെറിയ കാലയളവിൽ തന്നെ ഒന്നുകിൽ ലീവ് എടുത്തോ അല്ലെങ്കിൽ സ്ഥലം മാറിയോ പോകുന്നതിന് എന്താണ് കാരണം എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ ഡയറക്ടർമാരായി നിയമിക്കപ്പെട്ടവരുടെ വിശദാംശം ചുവടെ ചേർക്കുന്നു :

പൊതുവിദ്യാഭ്യാസ ഡയറക്ടർ	കാലാവധി
ശ്രീ. എ. ഷാജഹാൻ ഐ.എ.എസ്.	12-8.-2011 മുതൽ 31-8-2013 വരെ
ശ്രീ. ബിജു പ്രഭാകർ ഐ.എ.എസ്.	31-8-2013 മുതൽ 17-2-2014 വരെ
ശ്രീ. ഷെയ്ക് പരീത് ഐ.എ.എസ്.	21-.2-2014 മുതൽ 2-5-2014 വരെ
ശ്രീ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്.	2-5-2014 മുതൽ 27-10-2014 വരെ (28-10-2014 മുതൽ 12-12-2014 വരെ ഏൺഡ് ലീവിൽ)

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ

ശ്രീ. പി. എസ്. മുഹമ്മദ് സഗീർ ഐ.എ. എസ്.	4-7-2011 മുതൽ4-9-2012 വരെ
ശ്രീ. കേശവേന്ദ്രകുമാർ ഐ.എ.എസ്.	4-10-2012 മുതൽ 15-2-2014 വരെ
ശ്രീ. കെ.എൻ.സതീഷ് ഐ.എ.എസ്.	15-2-2014 മുതൽ ഡയറക്ടറായി തുടരുന്നു.

തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ

ശ്രീ. എം. അബ്ദുൾ റഹിമാൻ	26-9-2011 മുതൽ 7-2-2012 വരെ
ശ്രീ. സി.കെ. മോഹനൻ	1-.7-2013 മുതൽ തുടരുന്നു.

(സി) മറ്റൊരു തസ്തികയിൽ നിയമനം ലഭിക്കുന്ന മുറയ്ക്കാണ് സ്ഥലം മാറിപ്പോകുന്നത്.

(ഡി) ബാധകമല്ല.